**കേരള സർക്കാർ**

**സംഗ്രഹം**

2021 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ വിതരണം - സെയ്ഫ് കസ്റ്റഡി രസീത് നഷ്ടപ്പെട്ടത് - തൃശ്ശൂർ സബ് ട്രഷറി ഓഫീസറുടെ നടപടി സാധൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ) നം.6553/2021/ധന** **തീയതി, തിരുവനന്തപുരം, 06/10/2021**

---

പരാമർശം :- 1. പരീക്ഷാഭവൻ സെക്രട്ടറിയുടെ 19/04/2021 തീയതിയിലെ ഇ.എക്സ്.സി.ജി.എ 1/ 25000/2020/സി.ജി.ഇ. നമ്പർ കത്ത്.

2. ട്രഷറി ഡയറക്ടറുടെ 24/05/2021 തീയതിയിലെ E1-1558/2021/Try നമ്പർ കത്ത്.

**ഉത്തരവ്**

2021 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ വിതരണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ സബ് ട്രഷറിയിൽ 19/04/2021, 21/04/2021, 27/04/2021, 28/04/2021, 29/04/2021 എന്നീ തീയതികളിലെ ചോദ്യപേപ്പറുകൾ സൂക്ഷിച്ചിരുന്ന നാലാമത്തെ ക്ലസ്റ്ററിന്റെ സെയ്ഫ് കസ്റ്റഡി രസീത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയോഗിച്ച ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും നഷ്ടപ്പെട്ടെന്നും എസ്.എസ്.എൽ.സി. പരീക്ഷ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തുടർന്നുള്ള ദിവസങ്ങളിലെ ചോദ്യപേപ്പറുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് കൈമാറാനുള്ള നിർദ്ദേശം ട്രഷറി ഡയറക്ടർക്കും തൃശ്ശൂർ സബ് ട്രഷറി ഓഫീസർക്കും നൽകണമെന്ന് പരാമർശം 1 പ്രകാരം പരീക്ഷാഭവൻ സെക്രട്ടറി അപേക്ഷിച്ചിരുന്നു.

2. എസ്.എസ്.എൽ.സി പരീക്ഷ സമയബന്ധിതമായി കൃത്യസമയത്ത് നടത്തേണ്ടതിനാൽ ബന്ധപ്പെട്ട ഓഫീസർമാരുടെ സത്യവാങ്മൂലം ഒപ്പിട്ട് വാങ്ങിയശേഷം ചോദ്യപേപ്പർ നൽകുന്നതിന് തൃശ്ശൂർ സബ് ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകുകയും, സേഫ് കസ്റ്റഡി രസീതുകൾ നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥനു പകരമായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ നിയമന ഉത്തരവും സത്യവാങ്മൂലവും ഹാജരാക്കിയതിനാൽ 19.04.2021, 21.04.2021, 27.04.2021, 28.04.2021, 29.04.2021 എന്നീ ദിവസങ്ങളിൽ ചോദ്യപേപ്പർ ടി ഉദ്യോസ്ഥന് തൃശ്ശൂർ സബ് ട്രഷറി ഓഫീസർ തിരികെ നൽകിയെന്നും രസീത് നഷ്ടമായ എസ്.എസ്.എൽ.സി ചോദ്യപേപ്പർ തിരികെ നൽകിയ തൃശ്ശൂർ സബ് ട്രഷറി ഓഫീസറുടെ നടപടി സാധൂകരിച്ച് ഉത്തരവാകണമെന്നും പരാമർശം 2 പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2021 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പറുകൾ സൂക്ഷിച്ചിരുന്ന നാലാമത്തെ ക്ലസ്റ്ററിന്റെ സെയ്ഫ് കസ്റ്റഡി രസീത് തിരിച്ചു കിട്ടാനാകാത്ത വിധം നഷ്ടപ്പെട്ടുവെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സത്യവാങ്മൂലം ഒപ്പിട്ടു വാങ്ങിയശേഷം ചോദ്യപേപ്പറുകൾ തിരികെ

നൽകിയ തൃശ്ശൂർ സബ് ട്രഷറി ഓഫീസറുടെ നടപടി സാധൂകരിച്ചുകൊണ്ട് കേരള ട്രഷറി കോഡ് വാല്യം I ചട്ടം 158(1) – ൽ ഇളവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സുരേഷ് കുമാർ ഒ.ബി.,**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം).**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് –II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
തൃശ്ശൂർ സബ് ട്രഷറി ഓഫീസർക്ക് (ട്രഷറി ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-1754423).

ഉത്തരവിൻ പ്രകാരം,

Maji.C

സെക്ഷൻ ഓഫീസർ.